# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997, 2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 31-10-2013

## കെ.എസ്.ടി.എ സംസ്ഥാന വൈസ് പ്രസിഡന്റ് എൻ.ബാലകൃഷ്ണനെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിക്കുക

മുഖ്യമന്ത്രിയെ കല്ലെറിഞ്ഞെന്നാരോപിച്ച് കെ.എസ്.ടി.എ സംസ്ഥാന വൈസ് പ്രസിഡന്റ് എൻ. ബാലകൃഷ്ണനെ സ്കൂളിൽ കയറി കുട്ടികളുടെ മുന്നിൽവച്ച് അറസ്റ്റ് ചെയ്ത നടപടിയിൽ കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ശക്തമായി പ്രതിഷേധിച്ചു. കണ്ണൂർ താഴെ ചൊവ്വ ഗൗരീവിലാസം യു.പി.സ്കൂളിലെ ഹെഡ്മാസ്റ്ററാണ് എൻ. ബാലകൃഷ്ണൻ. കെ.എസ്.ടി.എ സംസ്ഥാന കൗൺസിൽ അംഗമായ പ്രേമചന്ദ്രനെ രണ്ടുദിവസം മുൻപ് പോലീസ് അറസ്റ്റ് ചെയ്തിരുന്നു. സംഘടനയുടെ സംസ്ഥാന കമ്മിറ്റിയോഗം കഴിഞ്ഞ് നാട്ടിലേക്ക് മടങ്ങിയെത്തിയ ബാലകൃഷ്ണനെയാണ് സ്കൂളിൽവച്ച് അറസ്റ്റ് ചെയ്തത്. സമരവുമായി യാതൊരുബന്ധവുമില്ലാത്ത കെ.എസ്.ടി.എ നേതാക്കളെ തെരഞ്ഞുപിടിച്ച് കസ്റ്റഡിയെടുക്കുന്ന നടപടി ഒരുകാരണവശാലും അംഗീകരിക്കാൻ കഴിയില്ല. കുട്ടികളുടെ മുന്നിൽവെച്ച് നടന്ന അറസ്റ്റിനെ അധ്യാപകസമൂഹം ഗൗരവത്തോടെ കാണുന്നു. കെ.എസ്.ടി.എ നേതാക്കളെ കള്ളക്കേസിൽ കുടുക്കാനുള്ള നീക്കത്തിൽ നിന്നും സർക്കാർ പിന്തിരിയണം.

എൻ.ജി.ഒ. യൂണിയൻ ഓഫീസ് ആക്രമണങ്ങളും ഇപ്പോൾ നടക്കുന്ന അറസ്റ്റുകളും ഒറ്റപ്പെട്ട സംഭവങ്ങളായി കാണാൻ കഴിയില്ല. വിദ്യാഭ്യാസ വകുപ്പിൽ മേളകൾ ഉൾപ്പെടെയുള്ള നിരവധി പ്രവർത്തനങ്ങൾ അധ്യാപക സംഘടനകളുമായി സഹകരിച്ച് നടക്കുന്ന സമയമാണിത്. വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നന്നായി നടത്തുന്ന സംഘടനയാണ് കെ.എസ്.ടി.എ. സംഘടനാ പ്രവർത്തകരെ കരുതിക്കൂട്ടി കസ്റ്റടിയിലെടുക്കുന്ന നടപടി തുടർന്നാൽ സർക്കാരിന് നൽകുന്ന സഹകരണം പുനഃപരിശോധിക്കേണ്ടിവരും. പോലീസ് കസ്റ്റഡിയിൽ നിന്ന് അടിയന്തിരമായി അധ്യാപകനെ മോചിപ്പിക്കണം. സർക്കാരിന്റെ അധ്യാപക വിരുദ്ധ നിലപാട് തിരുത്തിയില്ലെങ്കിൽ ശക്തമായ പ്രക്ഷോഭത്തെ നേരിടേണ്ടിവരുമെന്ന് എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി